(സി) ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് 1995-ൽ നടത്തിയ പരീക്ഷയിലേക്ക് കാറ്റഗറി-4 പ്രകാരമുള്ളതും റാങ്ക് നമ്പർ 32 മുതൽ 36 വരെയുള്ളതുമായ ഏതെങ്കിലും ഉദ്യോഗാർത്ഥി, മേലുദ്യോഗസ്ഥന്റെ വ്യാജ ഒപ്പിട്ട് അപേക്ഷ സമർപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) മേൽ റാങ്കുകളിലുള്ള ഉദ്യോഗാർത്ഥികളുടെ പേര്, അവർ അപേക്ഷയിൽ നൽകിയ ഔദ്യോഗിക മേൽവിലാസം എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ) —(ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനവും സേവന-വേതന വ്യവസ്ഥകളും

268 [3246] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനവും, ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും എന്തൊക്കെയാണ്;

(ബി) സംസ്ഥാന ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനവും, ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഇതുവരെയായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ജില്ലകളിൽ പ്രത്യേക സംവിധാനമുണ്ടാക്കുമോ;

(എഫ്) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ എറണാകുളം റീജിയണൽ ഓഫീസിലെ ജീവനക്കാർക്ക് 2002 ജൂൺ മുതൽ വിവിധ കാലയളവുകളിൽ ശമ്പളം ലഭിച്ചിട്ടില്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അപ്രകാരം ശമ്പളം നിഷേധിക്കാനുള്ള കാരണമെന്താണ്;

(എച്ച്) പ്രസ്തുത കാലയളവിലെ ശമ്പളം എത്രയുംവേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെലവ് കുറഞ്ഞതും, പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സാങ്കേതിക സഹായം നൽകുക, അത്തരം നിർമ്മാണ ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, നിർമ്മാണ സാമഗ്രികൾ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക, നൂതന നിർമ്മാണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക, കൂടാതെ പുതിയതരം നിർമ്മാണ സാമഗ്രികളും, നിർമ്മാണ രീതിയും വികസിപ്പിച്ചെടുക്കാനാവശ്യമായ ഗവേഷണം നടത്തുക തുടങ്ങിയവയാണ് നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം. നിലവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ ഡയറക്ടറും, ചീഫ് ടെക്നിക്കലും ഒഴികെ മറ്റുള്ളവർ വോളന്റിയർമാരായിട്ടാണ് സേവനം അനുഷ്ഠിക്കുന്നത്. ഇവർക്ക് ഓണറേറിയമാണ് നൽകിവരുന്നത്.

(ബി) — (ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) സംസ്ഥാന നിർമ്മിതികേന്ദ്രം ഏറ്റെടുക്കുന്ന പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ജില്ലാകളക്ടർ ചെയർമാനായുള്ള പ്രത്യേക സംവിധാനം നിലവിലുണ്ട്.

(എഫ്) & (ജി) 10-9-2002-ലെ 24-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചാണ് എറണാകുളം സെന്ററിൽ 2002 ജൂൺ മുതൽ പകുതി ശമ്പളം നൽകിയത്. എന്നാൽ 2-4-2003 ലെ 27-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് 2003 മാർച്ച് മുതലുള്ള മുഴുവൻ വേതനം നൽകുവാനും കുടിശ്ശികവേതനം ടി സെന്റർ ലാഭമുണ്ടാക്കുന്നത് അനുസരിച്ച് നൽകേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

(എച്ച്) പ്രസ്തുത കാലയളവിലെ ഓണറേറിയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ലക്ഷം വീടുകളുടെ നവീകരണം

269 [3247] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീടുകളിൽ ഇരട്ട വീടുകൾ ഒറ്റയാക്കി മാറ്റുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എത്ര വീടുകളാണ് ഇപ്രകാരം ഒറ്റയാക്കി മാറ്റാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതേവരെ എത്ര എണ്ണം പൂർത്തിയാക്കിയെന്ന് അറിയിക്കാമോ;

(ഡി) ഓരോ ജില്ലയിലേയും ഒറ്റയാക്കി മാറ്റേണ്ട വീടുകളുടെ എണ്ണവും പൂർത്തിയാക്കിയവയുടെ എണ്ണവും വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിലേക്കായി നീക്കിവച്ച തുകയും ചെലവുചെയ്ത തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly